"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ അധിക ചുമതല വഹിച്ചതിന് ടി കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. ജയ്സൺ ജേക്കബ് (PEN : 428574) - ന് ചാർജ്ജ് അലവൻസ് അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.30/2026/GAD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 24.03.2025 - ലെ SECCRD/319/2025-E1-PWD നമ്പർ നടപടിക്രമം.
2. പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 28.04.2025 - ലെ 876344/23/01 നമ്പർ നടപടിക്രമം.
3. പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 30.06.2025 - ലെ SECCRD/21/2025-E1-PWD നമ്പർ കത്ത്.
4. സ.ഉ.(സാധാ) നം. 3015/2025/GAD തീയതി, 11.07.2025.
5. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.09.2025 - ലെ CEPWD/14472/2025-EA1(Min)-AD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് ശ്രീ. ജോഷോ ബെന്നറ്റ് ജോൺ കെഎഎസ് -ന്റെ സ്ഥലംമാറ്റത്തെത്തുടർന്ന് 24.03.2025 അപരാഹ്നം മുതൽ 11.04.2025 പൂർവ്വാഹ്നം വരെയുള്ള കാലയളവിലും, ശ്രീ. ജയൻ റ്റി. കെഎഎസ് ആർജ്ജിതാവധിയിൽ പ്രവേശിച്ചതിനെത്തുടർന്ന് 28.04.2025 അപരാഹ്നം മുതൽ 29.05.2025 പൂർവ്വാഹ്നം വരെയുള്ള കാലയളവിലും പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ പൂർണ്ണ അധിക ചുമതല, ടി കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയ ശ്രീ. ജയ്സൺ ജേക്കബിന് നൽകി യഥാക്രമം പരാമർശം (1), (2) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ടായിരുന്നു. അപ്രകാരം അധിക ചുമതല നൽകിയ നടപടിക്ക് പരാമർശം (4) പ്രകാരം സർക്കാർ സാധൂകരണം നൽകുകയുമുണ്ടായി. അതനുസരിച്ച് പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിച്ചതിനുള്ള ചാർജ് അലവൻസ് ശ്രീ. ജയ്സൺ ജേക്കബിന് അനുവദിക്കുന്നതിനു പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (5) പ്രകാരം

ശിപാർശ സമർപ്പിച്ചിരുന്നു.

2). സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള സർവീസ് ചട്ടങ്ങൾ ഭാഗം I, ചട്ടം 53 (c) പ്രകാരം പൂർണ്ണ അധിക ചുമതലാ കാലയളവ് 14 (പതിനാല്) പ്രവൃത്തി ദിവസങ്ങൾ അധികരിക്കുന്നില്ലെങ്കിൽ ചാർജ് അലവൻസ് അനുവദനീയമല്ല. ശ്രീ. ജയ്സൺ ജേക്കബ് ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിച്ച 25.03.2025 മുതൽ 10.04.2025 വരെയുള്ള കാലയളവ് 14 പ്രവൃത്തി ദിവസങ്ങൾ അധികരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കേരള സർവീസ് ചട്ടങ്ങൾ ഭാഗം I, ചട്ടം 53 (c) പ്രകാരം ടിയാന് പ്രസ്തുത കാലയളവിൽ ചാർജ് അലവൻസിന് അർഹതയില്ല. 29.04.2025 മുതൽ 28.05.2025 വരെയുള്ള കാലയളവിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിച്ചതിന് ടി കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയ ശ്രീ. ജയ്സൺ ജേക്കബ് (PEN : 428574) - ന് കേരള സർവീസ് ചട്ടങ്ങൾ ഭാഗം I, ചട്ടങ്ങൾ 53 (b) (2) [as amended vide G.O.(P) No. 88/2017/Fin dated 11.07.2017], 53 A II (C), 53 (c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. ജയ്സൺ ജേക്കബ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം, ആലുവ (പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന).
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (07.12.2025 - ലെ (E.3290421) : EXP-A2/521/2025-FIN നമ്പർ കുറിപ്പ് പ്രകാരം).
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 05-01-2026 12:06:53